**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - ഇഗ്നോ നടത്തുന്ന ഓൺലൈൻ വിദൂര വിദ്യാഭ്യാസ കോഴ്സായ ഡിപ്ളോ ഇൻ ഡെയറി ടെക്നോളജി കോഴ്സിൽ പഠനം പൂർത്തിയാക്കുന്നതിന് 34 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് വകുപ്പിന്റെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. DDDKER/1684/2024-E1 തിരുവനന്തപുരം,തീയതി : 22-08-2024

പരാമർശം:- 1. വിവിധ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കത്തുകളും 34 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ അപേക്ഷകളും.

2. സ.ഉ. (സാധാ) നം. 3/2024/ഡി.ഡി., തീയതി : 08.01.2024.

3. സ.ഉ. (സാധാ) നം. 18/2024/ഡി.ഡി., തീയതി : 15.02.2024.

4. സ.ഉ. (കൈ) നം. 6/2024-ഉ.ഭ.പ.വ., തീയതി : 07.06.2024.

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിലെ വിവിധ കാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചു വരുന്ന 34 ഡെയറി ഫാം ഇൻസ്ട്രക്ടർമാർ ഇഗ്നോ മധുര റീജിയണൽ സെന്റർ വിദൂര വിദ്യാഭ്യാസ പദ്ധതിയായി നടത്തുന്ന ഓൺലൈൻ കോഴ്സായ ഡിപ്ളോമ ഇൻ ഡെയറി ടെക്നോളജി കോഴ്സിന് ചേരുകയും ആയതിന് വകുപ്പിന്റെ നിരാക്ഷേപ പത്രം നൽകണമെന്ന് മേൽപരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുകയുമാണ്. മേൽപരാമർശം (2) (3) ലെ ഉത്തരവ് പ്രകാരം നിലവിലെ സർവ്വീസ് കാലാവധി പരിഗണിച്ച് 10 വർഷം സർവ്വീസുള്ള ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ IGNOU നടത്തുന്ന Diploma in Dairy Technology (DDT) കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പക്ഷം അടുത്ത പ്രൊമോഷൻ തസ്തികകളിലേക്ക് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ മേൽപരാമർശം (2), (3), (4) പ്രകാരമുള്ള ഉത്തരവുകൾക്ക് വിധേയമായി വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന 34 ഡെയറി ഫാം ഇൻസ്ട്രക്ടർമാർ ഇഗ്നോ മധുര റീജിയണൽ സെന്റർ ഓൺലൈനായി നടത്തുന്ന വിദൂര വിദ്യാഭ്യാസ കോഴ്സായ ഡിപ്ളോമ ഇൻ ഡെയറി ടെക്നോളജി കോഴ്സിൽ പ്രവേശനം നേടിയ നടപടിയ്ക്ക് സാധൂകരണം നൽകിയും, വിദൂര വിദ്യാഭ്യാസ മുഖേനയുള്ള പഠനം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് യാതൊരുവിധ തടസ്സവും വരാത്തവിധത്തിൽ പൂർത്തിയാക്കുന്നതിന്, താഴെപ്പറയുന്ന നിർദ്ദേശങ്ങളോടുകൂടി അനുമതി നൽകിയും ഉത്തരവാകുന്നു.

1. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന/പങ്കെടുക്കുന്നു എന്ന കാരണത്താൽ ഓഫീസ് സമയങ്ങളിൽ യാതൊരു ഇളവുകളും അനുവദിക്കുന്നതല്ല.

2. ഓഫീസ് സമയത്ത് യാതൊരുവിധ ഓൺലൈൻ/ഓഫ് ലൈൻ കോഴ്സുകളിലും പങ്കെടുക്കുവാൻ പാടുള്ളതല്ല.

3. അടിയന്തര പ്രാധാന്യമുള്ള സാഹചര്യങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി

ഓഫീസ് പ്രവർത്തിസമയം കഴിഞ്ഞും ടിയാന്റെ/ടിയാളുടെ സേവനം ഓഫീസിൽ ആവശ്യമെങ്കിൽ മേലധികാരികളുടെ നിർദ്ദേശാനുസരണം ഓഫീസിൽ തുടരേണ്ടതും ചുമതലപ്പെടുത്തുന്ന ജോലികൾ നിർവ്വഹിക്കേണ്ടതുമാണ്.

4. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന/പങ്കെടുക്കുന്ന എന്ന കാരണത്താൽ ഹാജർ സംബന്ധമായ യാതൊരു ഇളവുകളും അനുവദിക്കുന്നതല്ല.

5. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന/പങ്കെടുക്കുന്ന എന്ന കാരണത്താൽ ഭരണസൗകര്യാർത്ഥം നടത്തുന്ന സ്ഥലംമാറ്റത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതല്ല.

പഠനാവശ്യത്തിനായി അനുമതി ലഭിക്കുന്ന 34 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു. (കാര്യാലയങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്ന പ്രകാരം)

- 1. ലേഖ എ., പ്രോജക്റ്റ് സെൽ, തിരുവനന്തപുരം.
- 2. അനുമോൾ ആർ., ഇലന്തൂർ, പത്തനംതിട്ട.
- 3. വിദ്യ എസ്., മല്ലപ്പള്ളി, പത്തനംതിട്ട.
- 4. ചന്ദ്രലേഖ എൽ, പന്തളം, പത്തനംതിട്ട.
- 5. ദീപാമോൾ വി., വെളിയനാട്, ആലപ്പുഴ.
- 6. സൗമ്യ പി.കെ., റൂറൽ, തിരുവനന്തപുരം.
- 7 .കുമാരി ശ്രീദേവി സി.എസ്., കഴക്കൂട്ടം, തിരുവനന്തപുരം.
- 8. ദീപ്തി ബി.എൻ., നെടുമങ്ങാട്, തിരുവനന്തപുരം.
- 9. ഷീജ ആർ. നായർ, തിരുവനന്തപുരം ജില്ലാ ഓഫീസ്, തിരുവനന്തപുരം
- 10. അനീഷ് നാരായണൻ, മണ്ണാർക്കാട്, പാലക്കാട്.
- 11. അനിയൻ എ.കെ., നെടുമങ്ങാട്, തിരുവനന്തപുരം.
- 12. രമ്യ എസ്., പാറശ്ശാല, തിരുവനന്തപുരം.
- 13. രാജീവ് സി., തിരുവനന്തപുരം ജില്ലാ ഓഫീസ്, തിരുവനന്തപുരം.
- 14. റുമൈസ പി.എം., ബാലുശ്ശേരി, കോഴിക്കോട്.
- 15. ജിഷ ഒ.കെ., പന്തലായനി, കോഴിക്കോട്.
- 16. കാതറിൻ സാറാ ജോർജ്, ഇളംദേശം, ഇടുക്കി.
- 17. സുമിന എം.എഫ്., ഇളംദേശം, ഇടുക്കി.
- 18. അനില ടി. തെയ്യശ്ശാഞ്ചേരി, ഇരിങ്ങാലക്കുട, തൃശ്ശൂർ.
- 19. രാധിക സി., പാലക്കാട് യൂണിറ്റ്, പാലക്കാട്.
- 20. നിഷ സി, മാള, തൃശ്ശൂർ.
- 21. റീന ജെ.പി., ആലുവ, എറണാകുളം.
- 22. ഷിബു റ്റി.എസ്., നേമം, തിരുവനന്തപുരം.
- 23. ആൻസി എ.ആർ., വാമനപുരം, തിരുവനന്തപുരം.
- 24. ശ്രീമതി. പ്രീതി പി., പയ്യന്നൂർ യൂണിറ്റ്, കണ്ണൂർ.

25. ശ്രീമതി. ഷിംജ ബഷീർ, പീരുമേട് യൂണിറ്റ്, ഇടുക്കി.

26. ശ്രീ. വിനോദ് ആർ.എസ്., വർക്കല യൂണിറ്റ്, തിരുവനന്തപുരം.
27. ശ്രീമതി. നൗഫിയ എ., നടുവിലാഞ്ചേരി യൂണിറ്റ്, കൊല്ലം.
28. ശ്രീമതി. പത്മജാദേവി ആർ., ശാസ്താംകോട്ട യൂണിറ്റ്, കൊല്ലം.
29. ശ്രീമതി. കലാരഞ്ജിനി പി., ചവറ യൂണിറ്റ്, കൊല്ലം.
30. ശ്രീമതി. ഷിബാ ഫ്രാൻസിസ്, ചെറുമൂട് യൂണിറ്റ്, കൊല്ലം.
31. ശ്രീ. അജീഷ് കുമാർ ബി.എസ്., ചടയമംഗലം, കൊല്ലം.
32. ശ്രീ. സുധീഷ് കുമാർ എസ്., വെട്ടിക്കവല യൂണിറ്റ്, കൊല്ലം.
33. ശ്രീ. റിയാസ് എ.എം., ഏരൂർ/അഞ്ചൽ യൂണിറ്റ്, കൊല്ലം.
34. ശ്രീ. പ്രഭുലാൽ ആർ.എസ്. പത്തനാപുരം, കൊല്ലം.

മേൽപരാമർശം (4) ലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന പക്ഷം പഠനാവശ്യത്തിനായി നൽകിയ അനുമതി റദ്ദുചെയ്യുന്നതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ടി ഉത്തരവ് ബഹു. സർക്കാർ സാധൂകരണത്തിന് വിധേയമായിരിക്കും.

Signed by
Asif K Yusuf
Date: 22-08-2024 14:24:06
ഡയറക്ടർ

To:- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-
1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ)
2) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന)
3) ബഹു. ഗവൺമെന്റ് സെക്രട്ടറി, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4) ഡയറക്ടറുടെ മേശപ്പുറത്ത്.
5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
6) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)
7) ഈ ഓഫീസിലെ മറ്റെല്ലാ ഓഫീസർമാർക്കും.
8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
9) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.
10) ഡെയറി ഫാം ഇൻസ്ട്രക്ടർ (TC&IT), ഡയറക്ടറേറ്റ് (വെബ്-സൈറ്റ്

അപ്ഡേഷനായി)

11) സഞ്ചയം.

12) ശേഖരസഞ്ചയം.